**06.03.2025**

## KGBEU OU ബുള്ളറ്റിൻ 16/2025

സഖാക്കളെ,

## വിഷയം: ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് GM മായി നടന്ന പ്രാഥമിക ചർച്ച

ട്രാൻസ്ഫർ സംബന്ധിച്ച അംഗീകൃത സംഘടനയുമായുള്ള പ്രാരംഭ ചർച്ച ഇന്നലെ നടന്നു. DFS ൽ നിന്നും ട്രാൻസ്ഫർ സംബന്ധിച്ചു വന്ന കത്ത് ആശയക്കുഴപ്പം ഉണ്ടാക്കുന്ന തരത്തിലായിരുന്നു. കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള കടന്നുകയറ്റമാണ് ട്രാൻസ്ഫർ പ്രക്രിയ അനന്തമായി നീണ്ടുപോകുന്ന തരത്തിലേക്ക് കാര്യങ്ങൾ എത്തിക്കുന്നത്. എന്നാൽ ജീവനക്കാർക്ക് അനുകൂലമായ തരത്തിൽ നിലപാടെടുക്കാൻ സംഘടന പരമാവധി ഇടപെട്ടിട്ടുണ്ട്. സമയബന്ധിതമായി ട്രാൻസ്ഫർ പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സംഘടന മുന്നോട്ട് വച്ചു.

ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ പ്രൊമോഷൻ നടപടികളും പൂർത്തീകരിക്കണം എന്നാണ് മാനേജ്മെന്റ് കാണുന്നത്. ഇത് നമ്മുടെ സംഘടന നേരത്തെ മുതൽ ആവശ്യപ്പെട്ട് വരുന്നതും നിരന്തരം ഫോളോ അപ്പ് ചെയ്തുവരുന്നതുമായ കാര്യമാണ്. എന്നാൽ, അതിന്റെ പേരിൽ ട്രാൻസ്ഫർ വൈകരുതെന്നും സംഘടന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം മുൻനിർത്തി ട്രാൻസ്ഫർ പ്രക്രിയ എത്രയും വേഗത്തിൽ പൂർത്തീകരിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA / BEFI)